# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 505 — 11.06.2013 ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. കെ.ദാസൻ

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ

| | | |
|---|---|---|
| (എ) | 2011-2012 വർഷത്തെ ബജറ്റിൽ സർക്കാർ ഓരോ വകുപ്പിനും അനുവദിച്ച തുക എത്ര; എത്ര രൂപ ചെലവഴിച്ചു; വിശദ വിവരം വ്യക്തമാക്കാമോ; | 2011-12 സാമ്പത്തിക വർഷം വിവിധ ധനാഭ്യർത്ഥനകൾക്കു കീഴിലായി ഓരോ വകുപ്പിനും അനുവദിച്ച ബജറ്റ് വിഹിതം,യഥാർത്ഥ ചെലവ് എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | 2011-2012, 2012-13 എന്നീ വർഷങ്ങളിലെ ബജറ്റ് പ്രസംഗത്തിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | 2011-12, 2012-13 ബഡ്ജറ്റുകളിലൂടെ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് വിവിധ ഭരണവകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കുന്നത്. ഭരണവകുപ്പുകളിൽ നിന്ന് ലഭ്യമായിക്കൊണ്ടിരിക്കുന്ന വിവരങ്ങൾ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും അവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയുമാണ്. നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ പലതും സമയബന്ധിതമായി മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് ചുരുക്കം ചില പദ്ധതികൾ ഇനിയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |

| | | |
|---|---|---|
| | | ഈ പദ്ധതികളും നടപ്പിലാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇതിനകംതന്നെ നടപ്പിലാക്കാൻ സാധിച്ച സുപ്രധാന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | 2012-2013 വർഷത്തെ ബജറ്റിൽ സർക്കാർ ഓരോ വകുപ്പിനും അനുവദിച്ച തുകയെത്ര; ചെലവഴിച്ച തുകയെത്ര; | 2012-13 സാമ്പത്തിക വർഷം വിവിധ ധനാഭ്യർത്ഥനകൾക്കു കീഴിൽ ഓരോ വകുപ്പിനും അനുവദിച്ച ബജറ്റ് വിഹിതം (2012-13-ലെ ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രസ്തുത സാമ്പത്തിക വർഷം ചെലവഴിച്ച തുക ഇവയുടെ വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധം III ആയി ചേർക്കുന്നു. |
| (ഡി) | 2013-2014 വർഷത്തെ ബജറ്റിൽ വിവിധ വകുപ്പുകൾക്കായി സർക്കാർ അനുവദിച്ച തുക എത്ര; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ; | 2013-14 സാമ്പത്തിക വർഷം വിവിധ ധനാഭ്യർത്ഥനകൾക്കു കീഴിൽ ഓരോ വകുപ്പിനും അനുവദിച്ച ബജറ്റ് വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; നീക്കി വെച്ചിരിക്കുന്ന തുകയെത്ര; വിശദമാക്കാമോ? | 2013-14 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളെയും വകയിരുത്തിയ വിഹിതത്തേയും സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്. പ്രഖ്യാപിച്ച പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് അനുബന്ധം V ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**